**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 637** **24-08-2022 - ൽ മറുപടിയ്ക്ക്**

**മണ്ണും മറ്റ് ധാതുക്കളും നീക്കം ചെയ്യുന്നതിനുള്ള പാസ്സ്**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ മുതലായ പ്രകൃതി ദുരന്തങ്ങളുടെ ഫലമായി അടിഞ്ഞു കൂടുന്ന മണ്ണ് ഉൾപ്പെടെയുള്ള ധാതുക്കളും, പ്രകൃതി ദുരന്തത്തിന് സാധ്യതയുള്ള സ്ഥലങ്ങളിൽ ഭീഷണിയായി നിൽക്കുന്ന മണ്ണും മറ്റ ധാതുക്കളും നീക്കം ചെയ്ത് വാഹനങ്ങളിൽ കയറ്റി കൊണ്ടുപോകുന്നതിനുള്ള അനുമതിയും പാസും ലഭിക്കുന്നതിന് നിലവിലുള്ള നടപടിക്രമം ലഘൂകരിച്ച്, വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെയും സ്ഥലമുടമയുടെ സെൽഫ് ഡിക്ലറേഷന്റെയും അടിസ്ഥാനത്തിൽ ജില്ലാ ജിയോളജിസ്റ്റിന്റെ ഓഫീസിൽ നിന്നും അനുമതി ലഭിക്കുന്ന തരത്തിലുള്ളതാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (എ) | ഇത്തരം സാഹചര്യങ്ങളിൽ റവന്യു ദുരന്ത നിവാരണ വകുപ്പിന്റെ അനുമതിയോട് കൂടി മൈനിംഗ് & ജിയോളജി വകുപ്പ് അടിയന്തിരമായി ധാതുക്കൾ നീക്കം ചെയ്യുന്നതിനുള്ള അനുമതി നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ